(ഡി) സംസ്ഥാന ബജറ്റിലൂടെ അതേ ഉദ്ദേശ്യത്തിന് തന്നാണ്ടിൽതന്നെ പണം ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് ലാപ്സാകുമോ ;

(ഇ) കേന്ദ്രം നൽകിയ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം വക മാറ്റി ചെലവഴിക്കുകയുണ്ടായിട്ടുണ്ടോ, വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ് മാസം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി റിലീസ് ചെയ്ത തുകയുടെ വിശദാംശം അനുബന്ധം 'എ'യിൽ ചേർക്കുന്നു.*

(ബി) താൽക്കാലിക കണക്ക് പ്രകാരം (27-11-2014 വരെ) 739.87 കോടി രൂപ ചെലവഴിച്ചിട്ടുള്ളതും, 1993.66 കോടി രൂപ അവശേഷിക്കുന്നതുമാകുന്നു.

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്തതന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി'യിൽ ചേർക്കുന്നു.*

(ഡി&ഇ) ഇല്ല

കേന്ദ്ര സഹായം

170 (510) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്നും നികുതികളുടെ വിഹിതം, ഗ്രാന്റ്സ് ഇൻ എയ്ഡ്, തുടങ്ങി ഏതെല്ലാം ഇനങ്ങളിലാണ് സാമ്പത്തിക സഹായം ലഭിക്കാൻ അർഹതയുള്ളത് ; അവ ഓരോന്നും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇക്കഴിഞ്ഞ 5 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഇനത്തിൽ എത്രയുക വീതം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകിയിട്ടുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം ;

(സി) കേന്ദ്രം പിരിച്ചെടുക്കുന്ന ഏതെങ്കിലും നികുതിയുടെ വിഹിതം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിനു നൽകാതിരിക്കുന്നതായി അറിയാമോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ ശ്രോതസ്സുകൾ ചുവടെ ചേർക്കുന്നു :

1. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും ലഭിക്കുന്ന വിഹിതം പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുവാനു നികുതി വരുമാനത്തിന്റെ 2.341 ശതമാനം സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാന വിഹിതമായി 8972.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. നോൺ പ്ലാൻ ഗ്രാന്റുകൾ - ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 1261.07 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം - ഈ വർഷം ഈ ഇനത്തിൽ 2730.42 കോടി രൂപ ലഭിക്കുമെന്ന് കണക്കാക്കുന്നു.

4. കേന്ദ്ര പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ - 2014-15 വർഷം ഈ ഇനത്തിൽ 68.66 കോടി രൂപ പ്രതീക്ഷിക്കുന്നു.

5. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം - 2611.87 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതമായി ഈ വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇവയിൽ ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു.

(ബി) കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലും (2009-10 മുതൽ 2013-14 വരെ) നടപ്പുവർഷം (2014-15) ഇതുവരെയും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുകകളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) ഭരണഘടനാ പ്രകാരം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളുടെ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly